UNSTARRED QUESTIONS AND ANSWERS.

ഇടിയകടവുപാലത്തിന്റെ പണി.

89. [1] ശ്രീ. ടി. കൃഷ്ണൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൺറോത്തുരുത്തിലെ ഇടിയകടവുപാലത്തിന്റെ പണി ഈ സാമ്പത്തിക വർഷത്തിൽ നടത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) പ്രസ്തുത പാലംപണി ഈ സാമ്പത്തികവർഷത്തിൽ തന്നെ തുടങ്ങണമെന്ന് നാട്ടുകാരുടെ നിവേദനം ലഭിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) ഇല്ല. ധനദൌർല്ലഭ്യംകാരണം ഈ പാലത്തിന്റെ പണി മാറ്റിവച്ചിരിക്കുകയാണ്.

(ബി) ഉണ്ട്.

റോഡിന്റെ പണി

90. [4] ശ്രീ. പി. സി. ആദിച്ചൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായംകുളം–പുനലൂർ റോഡിൽ പഴകുളത്തുനിന്നും ചാത്തംകുട്ട് ശാസ്താംകോട്ട റോഡിൽചെന്നു ചേരുന്നതുവരെയുള്ള റോഡിന് എന്താണ് പേർ പറയുന്നത്;

(ബി) ഈ റോഡ് നന്നാക്കുന്നതിന് 1963-64-ൽ ബഡ്ജറ്റിൽ തുക കൊള്ളിച്ചിരുന്നുവോ ;

(സി) എങ്കിൽ പ്രസ്തുതവർഷം ആ റോഡിന്റെ പണി നടന്നുവോ ; ഇല്ലെങ്കിൽ എന്തുകൊണ്ട് ?

ഉത്തരം

(എ) ഈ റോഡിനു പി. ഡബ്ലിയു. ഡിപ്പാർട്ടുമെന്റു നൽകിയിരിക്കുന്ന പേരു വല്ലച്ചിറ–ചേന്നംപള്ളി റോഡ് എന്നാണ്.

(ബി) തുക കൊള്ളിച്ചിരുന്നു.

(സി) ധനദൌർല്ലഭ്യംകാരണം ഈ റോഡിന്റെ പണി മാറ്റിവയ്ക്കേണ്ടതായിവന്നു.

Lands Allotted to the Tenants Evicted from Ayyappancoil

91. [14] **Shri M. M. Sundaram** :Will the Minister for public Health be pleased to state:

(a) are the Government aware that the lands in Valanjankanam and Thattathikanam allotted to the tenants evicted from Ayyappancoil are not suitable for cultivation; and

(b) will Government be pleased to allot lands immediately to them elsewhere?

Answer

(a) No.

(b) No.

LIBRARY ARCHIVES Kerala Legislative Assembly